# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1319    07.06.2018 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലെ ക്ലാർക്ക്, ഓഫീസ് അറ്റന്റന്റ് തുടങ്ങിയ മിനിസ്റ്റീരിയൽ ജീവനക്കാരെ പ്രവൃത്തികളുടെ മേൽനോട്ടത്തിന് നിയോഗിക്കാറുണ്ടോ; | എ) | പൊതുമരാമത്ത് വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരെ മരാമത്ത് പ്രവൃത്തികളുടെ മേൽനോട്ടത്തിന് നിയോഗിക്കാറില്ല. |
| ബി) | ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ സാങ്കേതിക സ്വഭാവമുള്ള ജോലികൾ ഏല്പിക്കാറുണ്ടോ; | ബി) | ഇല്ല. |
| സി) | പൊതുമരാമത്ത് മാന്വലിന് വിരുദ്ധമായി, സാങ്കേതിക സ്വഭാവമുള്ള ജോലികൾ ചെയ്യുന്നതിന് മിനിസ്റ്റീരിയൽ ജീവനക്കാരെ ചുമതലപ്പെടുത്തുന്ന ഓഫീസ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ; | സി) | ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ജില്ലാ ക്വാളിറ്റി ലാബുകളെ വിജിലൻസിന്റെ ഓഫീസുകളായി മാറ്റുകയും പ്രസ്തുത ഓഫീസിലെ തസ്തിക എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികയായി ഉയർത്തുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ